# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3316.

08-11-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കാർക്കുള്ള ആനുകൂല്യ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷിക്കാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടാതെ തിരിച്ചുവരുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം, തേങ്കുറിശ്ശി, എരിമയൂർ, മേലാർകോട്, ആലത്തൂർ, വണ്ടാഴി, കിഴക്കഞ്ചേരി തുടങ്ങിയ പഞ്ചായത്തുകളിൽ വിവിധ കാരണങ്ങളാൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യപ്പെടാതിരുന്ന കർഷക കുടുംബങ്ങളുടെ കണക്ക് വ്യക്തമാക്കാമോ; | (ബി) അർഹതപ്പെട്ട അപേക്ഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു എന്നു പരമാവധി ഉറപ്പു വരുത്തുന്നുണ്ട്. എന്നാൽ, അപേക്ഷകൻ മരണപ്പെടുകയോ, അക്കൗണ്ട് ഇടപാടുകൾ ഇല്ലാതെ ഡെഡ് അക്കൗണ്ട് ആകുകയോ, അപേക്ഷയിൽ തരുന്ന IFSC കോഡ് തെറ്റായി രേഖപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ തുക അക്കൗണ്ടിലേക്ക് പോകാതെ വരാറുണ്ട്. അത് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിച്ചശേഷം പരിശോധിച്ച് പരമാവധി കേസുകളിൽ അവരവരുടെ അക്കൗണ്ടിലേക്ക് നൽകാറുണ്ട്. |
| (സി) കൃഷിയുടമ മരണപ്പെട്ട് യഥാസമയം ബന്ധപ്പെട്ട അവകാശികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ ആനുകൂല്യം നഷ്ടപ്പെട്ട കർഷക കുടുംബങ്ങൾ എത്രയെന്നും ലഭിക്കേണ്ട തുകയെത്രയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | (സി) അപേക്ഷകൻ (ബാങ്ക് അക്കൗണ്ട് ഉടമ) മരണപ്പെട്ടുപോകുന്ന സാഹചര്യത്തിൽ അക്കൗണ്ടിലേക്ക് കൊടുക്കുന്ന തുക അക്കൗണ്ടിലേക്ക് പോകാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. അത്തരം സാഹചര്യത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കുമ്പോൾ, അപേക്ഷകന്റെ മേൽ വിലാസത്തിൽ ബന്ധപ്പെട്ട് മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബാങ്കിലേക്ക് എഴുതി നൽകുകയും അവകാശിക്ക് തുക നൽകുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആയതിനാൽ ഈ രീതിയിൽ ആനുകൂല്യം നഷ്ടപ്പെട്ട കർഷക കുടുംബങ്ങൾ ഇല്ല എന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ